# first bell-02

## സാമൂഹ്യ ശാസ്ത്രം–I

## CHAPTER-2  CLASS-4



# രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ

-ദശലക്ഷക്കണക്കിനു ആളുകൾ കൊല്ലപ്പെട്ടു.
-യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനില താറുമാറായി.
-യൂറോപ്യൻ രാഷ്ട്രങ്ങളുടെ ലോക മേധാവിത്വം തകർന്നു.
-ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
-അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.
-ലോകസമാധാനം സംരക്ഷിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടന രൂപീകരിച്ചു.

BIJU KK, HST SOCIAL SCIENCE GHSS TUVVUR, 2021-22



## സഡാക്കോ



ഹിരോഷിമയിലെ ബോംബ് വർഷത്തിന്റെ ഫലമായുണ്ടായ അണുവികിരണത്തിന്റെ ഇരയാണ് സഡാക്കോ സസുക്കി എന്ന ബാലിക. അവൾ രോഗശയ്യയിൽ വച്ച് നിർമിച്ച സഡാക്കോ കൊക്കുകൾ ഇന്ന് യുദ്ധവിരുദ്ധ വികാരത്തിന്റെ പ്രതീകമാണ്.



BIJU KK,  HST SOCIAL SCIENCE  GHSS TUVVUR, 2021-22

## ഹിബാക്കുഷകൾ



ഹിരോഷിമ, നാഗസാക്കി ദുരന്തംപേറി ജീവിക്കുന്ന മനുഷ്യരാണ് ഹിബാക്കുഷകൾ. അണുവികിരണത്തിന്റെ തീവ്രതയിൽ ഓരോ നിമിഷവും വേദന അനുഭവിച്ചുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ഹിബാക്കുഷകൾ ജപ്പാനിലുണ്ട്.





Children in Belarus, Russia and Ukraine have been suffering from the effect of the radiation released in 1986. The Rechitsa orphanage in Belarus has been caring for the huge population of sick children.

*Photo Credit: Julien Behal/Chernobyl Children's Project*





**BIJU KK, HST SOCIAL SCIENCE GHSS TUVVUR, 2021-22**


Reuters



BIJU KK,  HST SOCIAL SCIENCE  GHSS TUVVUR, 2021-22

# UNITED NATIONS

IMPORTANT INTERNATIONAL ORGANISATIONS

## ഐക്യ രാഷ്ട്ര സംഘടന

- രണ്ടാം ലോകയുദ്ധാനന്തരം ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായുള്ള ശ്രമഫലമായി 1945 ഒക്ടോബർ 24 ന് രൂപീകരിച്ചു
- ആസ്ഥാനം അമേരിക്കയിലെ ന്യൂയോർക്ക്.

## ഐക്യ രാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ

- ഭാവി തലമുറയെ യുദ്ധ ഭീതിയിൽ നിന്നു രക്ഷിക്കുക.
- അന്താരാഷ്ട്ര ഉടമ്പടികളും നിയമങ്ങളും സംരക്ഷിക്കുക.
- ലോക രാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

# അപകോളനീകരണം

–രണ്ടാം ലോകയുദ്ധാനന്തരം സാമ്രാജ്യത്വ ശക്തികളുടെ മേധാവിത്വം ചോദ്യം ചെയ്യപ്പെട്ടു.

–കോളനികളിൽ ഉയർന്നു വന്ന ദേശീയ സമരങ്ങളെ നിയന്ത്രിക്കാൻ യൂറോപ്യൻ രാജ്യങ്ങൾക്ക് കഴിഞ്ഞില്ല.

–വൻശക്തികളായി ഉയർന്നുവന്ന അമേരിക്കയും സോവിയറ്റ് യൂണിയനും യൂറോപ്യൻ കോളനികളിലെ സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചു.

–ഇതിന്റെ ഫലമായി സാമ്രാജ്യത്വ ശക്തികളുടെ ഭരണത്തിൽ നിന്നു കോളനികൾ സ്വാതന്ത്ര്യം നേടിയ സംഭവമാണ് അപകോളനീകരണം.


## രണ്ടാം ലോക യുദ്ധത്തിന് ശേഷം സ്വാതന്ത്ര്യം നേടിയ പ്രധാന രാജ്യങ്ങളും സാമ്രാജ്യത്വ രാഷ്ട്രങ്ങൾക്കെതിരെ സമരം നയിച്ച നേതാക്കളും.

ഇന്ത്യ – ഗാന്ധിജി

ദക്ഷിണാഫ്രിക്ക – നെൽസൺ മണ്ടേല

ഘാന – ക്വാമി എൻക്രുമ

കെനിയ – ജോമോ കെനിയാത്ത



ഗാന്ധിജി

ഇന്ത്യ




നെൽസൺ മണ്ടേല

ദക്ഷിണാഫ്രിക്ക



ക്വാമി എൻക്രൂമ

ഘാന



ജോമോ കെനിയാത്ത

കെനിയ

# ശീതസമരം



ശീതസമരം എന്ന പദം ആദ്യമായി ഉപയോഗിച്ചത് അമേരിക്കൻ നയതന്ത്രജ്ഞനായ ബർനാഡ് ബറൂച്ച് ആണ്. വാൾട്ടർ ലിപ്മാൻ എഴുതിയ ‘ശീതസമരം’ എന്ന ഗ്രന്ഥം ഇതിന് കൂടുതൽ പ്രചാരം നൽകി.

# ശീതസമരം

–രണ്ടാം ലോകയുദ്ധത്തിന് ശേഷം അമേരിക്ക പുതിയ രാഷ്ട്രീയ – സാമ്പത്തിക ശക്തിയായി മുതലാളിത്ത ചേരിക്ക് നേതൃത്വം കൊടുത്തു.

–സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥ സ്വീകരിച്ച രാഷ്ട്രങ്ങളുടെ ചേരിക്ക് സോവിയറ്റ് യൂണിയൻ നേതൃത്വം നൽകി.

–പരസ്പരം ശത്രുത പുലർത്തിയ രണ്ടുചേരികൾ തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളുമാണ് ശീതസമരം.



## ഇരുധ്രുവലോകം

രണ്ടാം ലോകയുദ്ധത്തിൽ ഒരേ സഖ്യത്തിലായിരുന്ന അമേരിക്കയും സോവിയറ്റ് യൂണിയനും യുദ്ധാനന്തരം യഥാക്രമം മുതലാളിത്തചേരിക്കും സോഷ്യലിസ്റ്റ് ചേരിക്കും നേതൃത്വം കൊടുത്തു. ആശയപരമായ ഈ ചേരിതിരിവിനെ ചരിത്രകാരനായ ആൾനോൾഡ് ടോയൻബി ഇരുധ്രുവലോകം എന്ന് വിശേഷിപ്പിച്ചു.



## ശീതസമരകാലത്തെ സൈനികസഖ്യങ്ങൾ

- നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ (NATO) - അമേരിക്കയും സഖ്യകക്ഷികളും
- സൗത്ത് ഈസ്റ്റ് ഏഷ്യാ ട്രീറ്റി ഓർഗനൈസേഷൻ (SEATO) - അമേരിക്കയും സഖ്യകക്ഷികളും
- സെൻട്രൽ ട്രീറ്റി ഓർഗനൈസേഷൻ (CENTO) - അമേരിക്കയും സഖ്യകക്ഷികളും
- വാർസ ഉടമ്പടി (WARSAW PACT) - സോവിയറ്റ് യൂണിയനും സഖ്യകക്ഷികളും

## ചേരിചേരാ പ്രസ്ഥാനം(അപകോളനീകരണവും ശീതസമരവും ചേരിചേരാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വഴിതെളിച്ചതെങ്ങനെ?)

-മുതലാളിത്ത ചേരിക്കും സോഷ്യലിസ്റ്റ് ചേരിക്കും ബദലായി രൂപം കൊണ്ടു.

-രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യയിലും ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും സ്വാതന്ത്ര്യം നേടിയ രജ്യങ്ങൾ ചേർന്ന് രൂപീകരിച്ചു.

-ശീതസമരം സാമ്രാജ്യത്വത്തിന്റെ മറ്റൊരു രൂപമാണെന്നും ലോകസമാധാനത്തിനു ഭീഷണിയാണെന്നും ഈ രാജ്യങ്ങൾ തിരിച്ചറിഞ്ഞു.

–മുതലാളിത്ത ചേരിയുടെയോ സോഷ്യലിസ്റ്റ് ചേരിയുടെയോ ഭാഗമാവാതെ നിലകൊണ്ട രാജ്യങ്ങളുടെ ഐക്യമാണ് ചേരിചേരാ പ്രസ്ഥാനം.

–വൻശക്തികളുടെ ആയുധമത്സരവും സൈനിക സഖ്യങ്ങളും തങ്ങൾക്ക് ഭീഷണിയാണെന്ന് ഇവർ തിരിച്ചറിഞ്ഞു.

–യുദ്ധവും സംഘർഷവുമില്ലാത്ത ലോകത്തിന് മാത്രമേ സാമ്പത്തികമായും സാമൂഹികമായും മുന്നേറാൻ കഴിയൂ എന്നവർ തിരിച്ചറിഞ്ഞു.

–1955 ൽ ഇന്തോനേഷ്യയിലെ ബാന്ദൂങ്ങിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ചേരിചേരാ പ്രസ്ഥാനം രൂപീകരിക്കാൻ തീരുമാനിച്ചു.

–1961 ൽ ബെൽഗ്രേസിൽ വച്ച് ചേരിചേരാ രാജ്യങ്ങളുടെ ആദ്യ സമ്മേളനം നടന്നു.

–ചേരിചേരായ്മ ലോക കാര്യങ്ങളിൽ നിന്ന് മാറി നിൽക്കലല്ല, ലോകം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളിലും സജീവമായി ഇടപെടാനാണ് എന്നാണ് ജവഹർലാൽ നെഹ്റുവിന്റെ വീക്ഷണം.



ജവഹർലാൽ നെഹ്റു
ഇന്ത്യ



ഗമാൽ അബ്ദുൽ നാസർ
ഈജിപ്ത്



മാർഷൽ ടിറ്റോ
യുഗോസ്ലാവിയ



അഹമ്മദ് സുക്കാർണോ
ഇന്തോനേഷ്യ

# ചേരിചേരാ പ്രസ്ഥാനത്തിന് രൂപം നൽകിയ നേതാക്കൻമാർ

ജവഹർലാൽ നെഹ്റു – ഇന്ത്യ
ഗമാൽ അബ്ദുൽ നാസർ – ഈജിപ്ത്
മാർഷൽ ടിറ്റോ – യുഗോസ്ലാവിയ
അഹമ്മദ് സുക്കാർണോ – ഇന്തോനേഷ്യ

# ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 9778300200